LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് ആംഡ് പോലീസ് ബറ്റാലിയനിൽ ഡ്രൈവർ തസ്തികയിൽ 247 ഒഴിവുകൾ ഉണ്ട്.

എം.എസ്.പി.	-	3
എസ്.എ.പി.	-	17
കെ.എ.പി.1	-	37
കെ.എ.പി.2	-	22
കെ.എ.പി.3	-	16
കെ.എ.പി.4	-	55
കെ.എ.പി.5	-	23
ആർ.ആർ.ആർ.എഫ്.	-	14
ഐ.ആർ. ബറ്റാലിയൻ	-	60

(ബി&സി) എല്ലാ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സ്ത്രീപീഡന കേസുകൾ

169 (2038) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ സംസ്ഥാനത്ത് എത്ര സ്ത്രീപീഡന കേസുകൾ രജിസ്റ്റർ ചെയ്തെന്ന് വെളിപ്പെടുത്താമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ സംസ്ഥാനത്ത് എത്ര പ്രായപൂർത്തിയാകാത്ത പെൺകുട്ടികളെ പീഡിപ്പിച്ച സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ എത്ര സ്ത്രീകളും പെൺകുട്ടികളും കൊല ചെയ്യപ്പെട്ടിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 47198 സ്ത്രീപീഡന കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) 4157 പ്രായപൂർത്തിയാകാത്ത പെൺകുട്ടികളെ പീഡിപ്പിച്ച സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ 354 സ്ത്രീകളും 82 പെൺകുട്ടികളും കൊല ചെയ്യപ്പെട്ടിട്ടുണ്ട്.

കെ.എ.പി. നാലാം ബറ്റാലിയനിലെ സിവിൽ പോലീസ് ഓഫീസർമാരുടെ ഒഴിവുകൾ

170 (2039) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എ.പി. നാലാം ബറ്റാലിയനിൽ ഉൾപ്പെട്ടിട്ടുള്ള കണ്ണൂർ, കാസർഗോഡ്, വയനാട് ജില്ലകളിൽ ഓരോന്നിലും ഇപ്പോൾ എത്ര ഒഴിവുകൾ നിലവിലുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) എത്ര ഒഴിവുകൾ കണ്ണൂർ ജില്ലയിൽ നിന്നും പി.എസ്.സി.-ക്ക് റിപ്പോർട്ട ചെയ്തിട്ടുണ്ട് ;

(സി) എത്ര ഒഴിവുകൾ കാസർഗോഡ് ജില്ലയിൽനിന്നും പി.എസ്.സി.-ക്ക് റിപ്പോർട്ട ചെയ്തിട്ടുണ്ട് ;

(ഡി) എത്ര ഒഴിവുകൾ വയനാട് ജില്ലയിൽ നിന്നും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് ;

(ഇ) കെ.എ.പി. ഒന്നിൽ അധികമായ എത്ര സിവിൽ പോലീസ് ഓഫീസർമാരെ ഇപ്പോൾ കെ.എ.പി. നാലിൽ അറ്റാച്ച് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; ഇവരെ കെ.എ.പി. ഒന്നിലേക്ക് മടക്കി അയയ്ക്കുവാനും പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട ചെയ്യുവാനും എന്ത നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; കണ്ണൂർ ജില്ലയിൽ രണ്ട വർഷമായി സിവിൽ പോലീസ് ഓഫീസർമാരുടെ സ്ഥാനക്കയറ്റം നിലച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ കണ്ണൂർ ജില്ലയിലെ സിവിൽ പോലീസ് ഓഫീസർമാരുടെ സ്ഥാനക്കയറ്റം അടിയന്തരമായി നടത്തുവാനും പ്രസ്തുത തസ്തികകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട ചെയ്യുവാനും നടപടി സ്വീകരിക്കുമോ ?